## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.381 | 23.01.2018 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം തടയാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ; | (എ) സപ്ലൈകോ മുഖാന്തിരം ക്രിയാത്മകമായ കമ്പോള ഇടപെടൽ നടത്തി പൊതു വിപണി വില നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>കമ്പോള ഇടപെടലിനായി നടപ്പ സാമ്പത്തിക വർഷം 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സപ്ലൈകോ വില്പന ശാലകൾ വഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വില്പന വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തുടനീളം അരിക്കടകൾ തുറക്കുകയും ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽ നിന്ന് നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വില്പന നടത്തുകയും, 20 മാവേലി സ്റ്റോറുകളും 2 സൂപ്പർ മാർക്കറ്റുകളും പുതിയതായി ആരംഭിക്കുകയും 9 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുകയും ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ കൂടുതൽ സ്പെഷ്യൽ ചന്തകൾ തുറന്ന് നിത്യോപയോഗ സാധനങ്ങളുടെ മിതമായ നിരക്കിലുള്ള ലഭ്യത എല്ലാ ഉപഭോക്താക്കൾക്കും ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനായി സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട് 2016 മെയ് മുതൽ 2017 നവംബർ വരെ 716.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഓണക്കാല വില്പന കേന്ദ്രങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ഇതിൽ എത്ര കോടി രൂപയുടെ സബ്സിഡിയാണ് നൽകിയിട്ടുള്ളത്; വിശദവിവരം നൽകാമോ? | (ബി) നിലവിലുള്ള സപ്ലൈകോ വില്പനശാലകളോട് ചേർത്ത് നടത്തിയ ഓണചന്തകൾക്കും, 67 സ്ഥലങ്ങളിൽ പ്രത്യേകമായി കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് നടത്തിയ ഓണചന്തകൾക്കുമായി ആകെ 1.43 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഓണക്കാല വില്പന കേന്ദ്രങ്ങളിലൂടെ 50.55 കോടി രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ